പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **1740**

22.03.2012 ൽ മറുപടിയ്ക്ക്

**ആര്യനാട് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ഗോപിയുടെ ദുരൂഹ സാഹചര്യത്തിലുള്ള മരണത്തെപ്പറ്റിയുള്ള അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.പി. സജീന്ദ്രൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | ആര്യനാട് പോലീസ് സ്റ്റേഷൻ പരിധിയിൽ ആര്യനാട് വില്ലേജിൽ പഴയതെരുവ് മുറിയിൽ പാലൈക്കോണം ഷിജി ഭവനിലെ എ.എസ്.ഗോപിയുടെ ദുരൂഹ സാഹചര്യത്തിലുള്ള മരണത്തെപ്പറ്റിയുള്ള അന്വേഷണ പുരോഗതി വിശദമാക്കാമോ ; | (എ) | ഇക്കാര്യത്തിൽ ആര്യനാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 980/2011 അസ്വാഭാവിക മരണം ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. കേസ് ഊർജ്ജിത അന്വേഷണം നടത്തുന്നതിനു വേണ്ടി നെടുമങ്ങാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് കൈമാറുകയും, ഊർജ്ജിതമായി അന്വേഷിച്ച് വരികയുമാണ്. |
| (ബി) | ഈ കേസ് അന്വേഷണത്തിൽ, മരണമടഞ്ഞ വ്യക്തിയുടെ ബന്ധുക്കൾക്ക് പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുമോ ? | (സി) | ഇപ്പോൾ കേസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഊർജ്ജിതമായി അന്വേഷിച്ച് വരുന്നതിനാൽ കേസ് ക്രൈം ബ്രാഞ്ചിനു കൈമാറുവാനുള്ള സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ